പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പദ്ധതികൾ

132 [3279] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി സമുദായത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ മുന്നേറ്റത്തിന് എന്തൊക്കെ പരിപാടികളാണ് സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഹൈസ്കൂൾ തലത്തിൽ പഠനം നടത്തിവരുന്ന എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും ഇൻഫർമേഷൻ ടെക്നോളജിയിൽ സ്കൂൾ തലത്തിൽ തന്നെ കമ്പ്യൂട്ടർ പരിശീലനം നേടുന്നതിന് ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 25 രൂപ നിരക്കിൽ നൽകുവാൻ 13-10-2003-ലെ ജി.ഒ.(ആർ.റ്റി.) 39/2003/പജ. പവ. വിവ. ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. 8-ാം സ്റ്റാന്റേർഡിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2003 ഏപ്രിൽ-മേയ് മാസങ്ങളിൽ ഇൻഫർമേഷൻ ടെക്നോളജിയിൽ സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതിന് 25-3-2003-ലെ ജി.ഒ. (ആർ.റ്റി.) 285/2003/പജ. പവ. വിവ. പ്രകാരം ഉത്തരവായിട്ടുണ്ട്. 15-2-2003-ലെ ജി.ഒ. (ആർ.റ്റി.) 143/2003/പജ. പവ. വിവ. ഉത്തരവ് പ്രകാരം പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ ലഭ്യമാക്കുന്ന എല്ലാ കോഴ്സുകൾക്കും സ്ഥാപനങ്ങളിൽ അയച്ച് ധനസഹായം നൽകി പഠിപ്പിക്കുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതനുസരിച്ച് എല്ലാ പ്രൊഫഷണൽ/ഹൈടെക് കോഴ്സുകൾക്കും പ്രവേശനം ലഭിക്കുന്നതിനായി കോച്ചിംഗ് പോകുന്നതിന് ധനസഹായം അനുവദിക്കുകയാണ്. കൂടാതെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് നടത്തുന്ന വിവിധ ഹൈടെക് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ ഫീസ്, പഠനോപകരണങ്ങൾ, യാത്രാചെലവുകൾ എന്നിവ അനുവദിച്ചു നൽകി വരുന്നു. എസ്.എസ്.എൽ.സി. പരീക്ഷ മുതലുള്ള ഉയർന്ന ക്ലാസ്സുകളിലെ പൊതു പരീക്ഷകളിൽ ഒന്നാം ക്ലാസ്സോടുകൂടി വിജയിക്കുന്നവർക്ക് പ്രോത്സാഹന സമ്മാനം നൽകിവരുന്നു. എസ്.എസ്.എൽ.സി., +2, ഡിഗ്രി, പോസ്റ്റ് ഗ്രാഡുവേഷൻ എന്നീ കോഴ്സുകൾക്ക് യഥാക്രമം 750 രൂപ, 1000 രൂപ, 1500 രൂപ, 2000 രൂപ എന്നീ നിരക്കിൽ ഈ സമ്മാനം നൽകിവരുന്നു.

സ്പോർട്സിലും ഗെയിംസിലും പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിന് ദേശീയ നിലവാരമുള്ള ശ്രീ. അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ തിരുവനന്തപുരത്ത് 6-1-2003-ൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഐ.റ്റി.ഐ., ഐ.റ്റി.സി. സർട്ടിഫിക്കറ്റ് നേടിയവർക്കും ഡിപ്ലോമക്കാർക്കും എഞ്ചിനീയറിംഗ് ഡിഗ്രിയുള്ളവർക്കും പൊതു/സ്വകാര്യ മേഖലകളിലെ സാങ്കേതിക സ്ഥാപനങ്ങളിൽ അപ്രന്റീസ്ഷിപ്പ് നൽകുന്നതിന് 100 ലക്ഷം രൂപ 2003-04 വർഷത്തേക്ക് വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 4-ാം ക്ലാസ്സിലും 7-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഒരു മത്സര പരീക്ഷയിലൂടെ മിടുക്കരായ 1100 കുട്ടികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് പ്രതിമാസം 150 രൂപ നിരക്കിൽ മൂന്നുമാസത്തെ സ്റ്റൈപ്പന്റ് നൽകുകവഴി 4.95 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തിക വർഷം ഈ പദ്ധതിക്കായി 70 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിലെ ക്രമക്കേടുകൾ

133 [3280] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, പിരപ്പൻകോട് മുരളി:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകുവാൻ സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിൽ ക്രമക്കേടുകളുണ്ടായിട്ടുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് പ്രസ്തുത കമ്പ്യൂട്ടർ പരിശീലനത്തിനുവേണ്ടി 2001-02, 2002-03 വർഷങ്ങളിൽ തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ഓരോ സ്ഥാപനത്തിനും എന്തു തുക വീതം അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഇ) പ്രസ്തുത പരിശീലനത്തെ സംബന്ധിച്ച പരാതികളിൻമേൽ ഗൗരവമായ അന്വേഷണം നടത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വകുപ്പുസെക്രട്ടറി തലത്തിൽ ഇത് അന്വേഷിക്കുന്നുണ്ട്.

കുഴൽമന്ദം മണ്ഡലത്തിൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററും പോസ്റ്റ് മെട്രിക് ഹോസ്റ്റലും ആരംഭിക്കാൻ അനുമതി

134 [3281] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴൽമന്ദം മണ്ഡലത്തിൽ പുതുതായി ആരംഭിക്കാനുദ്ദേശിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ, പോസ്റ്റ് മെട്രിക് ഹോസ്റ്റൽ (വനിതകൾക്ക്) എന്നിവയ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly